[Mr. President]

matter of public importance "to wit to discuss the unsatisfactory nature of the orders passed by the Government on the long pending recommendations of the Pay Revision Committee." This I consider to be in order, and the adjournment motion, therefore, will be taken up. To-day we have an adjournment motion, to-morrow there is another—and therefore this will be taken up on Saturday at 3-30 p.m. The others are out of order.

3. LEGISLATIVE BUSINESS—GOVERNMENT BILLS

i. The Cochin Irrigation Act (Amendment) Bill

Mr. K. Ayyappan *(Minister for Works):* Sir, I move that the Cochin Irrigation Act (Amendment) Bill be taken up and finally passed.

Mr. M. Sivarama Menon *(Constitutional Adviser):* I second it.

Motion put and carried.

ii. The Cochin Payment of Salaries and Allowances Act (Amendment) Bill

Mr. President: The next item is the introduction of the Cochin Payment of Salaries and Allowances Act (Amendment) Bill. Any Hon'ble member wtsh to speak on it?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President.

Mr. President: The question of amendments will be taken up separately. The Hon'ble Member can speak on the Bill.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Yes, Sir, I am not on the Amend ments, but on the Bill itself. മിസ്റ്റർ പ്രസിഡണ്ട്, ഗവൺമെണ്ടിൽനിന്നും ബഡ്ജറ്റ് പൂർവ്വമായി ചെയ്യുന്ന ഈ പ്രവൃത്തിയിൽ ഞാൻ ഗവൺമെണ്ടിനെ അഭിനന്ദിക്കുന്നു. നിയമ സഭയിലെ പ്രസിഡണ്ട് ഈ രാജ്യത്തെ മഹാരാജാവിന്റെ സിംഹാസനം കഴിഞ്ഞാൽ പിന്നെ രണ്ടാമത്തെ സ്ഥാനം അലങ്കരിക്കുന്ന ഒരാളാണ്. അതുയും പ്രാമാണ്യമുള്ള ആസ്ഥാനം അലങ്കരിക്കുവാൻ ഭാഗ്യമുള്ള മാന്യന്മാർക്ക് കൊടുക്കുന്ന ശമ്പളം അതായത് കാലത്തെ ജനകീയമന്ത്രി മാർക്ക് കൊടുക്കുന്ന ശമ്പളത്തേക്കാൾ ഒട്ടും കുറയുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. നേരെമറിച്ച് മന്ത്രിമാരേക്കാൾ കൂടുതൽ ശമ്പളം കൊടുക്കേണ്ടതാണെന്നുവരികിലും ഫ്രഫ മേടമാസം ഫ-ാംതീ-യിലോ ഫ-ാംതീ-യിലൊ മറ്റോ മന്ത്രിമാർക്ക് കൊടുക്കുന്ന ശമ്പളം അതായത് മാസത്തിൽ൩൦൫. ആക്കണമെന്നു കഴിഞ്ഞമേടം സെഷനിൽ Payment of Salaries Bill മുഖേന ഗവൺമെണ്ട് ആവശ്യപ്പെട്ടകയുണ്ടായി. അന്ന് ഇതു കൊടുക്കുവാൻ പാടില്ലെന്നുള്ള കണ്ണുകടി ക്കൊഉണ്ടായിരുന്നതുകൊണ്ട് അതിനെ ഇന്നത്തെ ജനകീയഗവൺമെണ്ടെതിർക്കുകയാണുണ്ടായതു്. സർ, തെറ്റു പറ്റും, പറ്റിയ തെറ്റിനെ തെറ്റാണെന്നു സമ്മതിച്ചു് അതു മേലാൽ ഉണ്ടാകാതിരിക്കുവാൻ തക്ക പരിഹാരംചെയ്യുന്നതു് മനുഷ്യനു ചേർന്നതാണു്. അതുകൊണ്ടു് ഞങ്ങളുടെ പ്രധാനമന്ത്രി ഉൾപ്പെടുന്ന നാലു മന്ത്രിമാരോടു കൂടുന്ന ക്യാബിനറ്റിനു് വന്നുപോയ മോശമാണെന്നു് വിചാരിച്ചു് വീണ്ടും അതിനെ ഇല്ലായ്മ ചെയ്യാൻ തുനിഞ്ഞതിൽ ഞാൻ അവരെ അഭിനന്ദിക്കുന്നു. അഭിനന്ദിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു് പരിപൂർണ്ണമായ അഭിനന്ദനമല്ല ചെയ്യുന്നതെന്നു മൻക്കൂട്ടി പറഞ്ഞുകൊള്ളട്ടെ. എന്തുകൊണ്ടാണു് പരിപൂർണ്ണമായ അഭിനന്ദനമല്ല എന്നു പറയുന്നതെന്നുവച്ചാൽ ൪൫ മെമ്പർമാരുള്ള ഈ നിയമസഭയിൽ ഈ ബില്ലിനൊരു ഭേദഗതി കൊടുക്കണമെന്നു ഞാൻ വിചാരിച്ചാൽ അതു് നിങ്ങളുടെ പ്രമാണിത്തംവച്ചുകൊണ്ടു് ഒരുപക്ഷെ എതിർത്തേക്കാം. അതുകൊണ്ടു് എന്റെ അഭിപ്രായം ഉറപ്പിച്ചുപറയുന്നുവെന്നേയുള്ള. അതുകൊണ്ടു ഞാൻ ഭേദഗതിബില്ലിലെ ഗുണാംശത്തെ വളരെ ശക്തിയായി അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സർ, ഇന്നു് ഉടുക്കുവാൻ തുണിയില്ലാതെ, താമസിക്കുവാൻ വീടില്ലാതെ, ക്ഷണംകഴിക്കുവാൻ മാർഗ്ഗമില്ലാതെ, കുറെ അളുകൾ ജീവിക്കുന്നിടത്തോളം കാലം ഫ ൦ ൦-ം വ ൦ ൦-ം ഉറപ്പിക്കയിൽ കൂടുതൽ ശമ്പളമായിരിക്കുന്ന ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടേയും അവർ ഉൾക്കൊള്ളുന്ന മറ്റുള്ള അളുകളുടേയും ശമ്പളം കൂട്ടുന്ന കാര്യത്തിൽ യോജിക്കുവാനായിട്ടു് ഞാൻ മാത്രം കാണുന്നില്ല. ഈ പറഞ്ഞ തത്വത്തെപ്പറ്റി കൂടുതൽ ആലോചിച്ചുനോക്കുമ്പോൾ ഗവൺമെണ്ടുസർവ്വീസിലുള്ള മറ്റു കീഴ്ജീവനക്കാരുടെ ശമ്പളം നോക്കേണ്ടതായ ന്യായം കാണുന്നില്ല. എന്തെന്നുവച്ചാൽ പണി എടുക്കുന്ന ആളു

LIBRARY ARCHIVES Kerala Legislative Assembly

കും ഉടുക്കുവാൻ തുണിയില്ലാത്തവരും താമസിക്കുവാൻ വീടില്ലാത്തവരും, കുടിക്കുവാൻ കഞ്ഞിയില്ലാത്തവരും അടുക്കുന്നു. ഈ രാജ്യം ഭരിക്കുന്നുവെന്ന പേരിൽ ൪ ക്രോ ലക്ഷം ഉറുപ്പിക വരുമാനമുള്ള ഈ കൊച്ചിയുടെ വരവിൽനിന്നു് ൫-ൽ ഒരു ഭാഗം മുഴുവനും പബ്ലിക്കു് സർവ്വീസിനുവേണ്ടി ചിലവാക്കുന്നുവെന്നു് പറയുമ്പോൾ, അതു് പാവപ്പെട്ടവന്റേയും, ദരിദ്രന്റേയും, മുതലില്ലാത്തവന്റേയും പേരിൽ എന്നപ്പോലെയുള്ള ഒരാൾക്കു് ഇതു് കണ്ണും ചിമ്മി സമ്മതിച്ചുകൊടുക്കുവാൻ വളരെ വിഷമമുണ്ടു്. എന്റെ അഭിപ്രായം തുറന്നു പറഞ്ഞുവെന്നു മാത്രമേയുള്ളൂ. അതുകൊണ്ടു് ഞാൻ ഈ ബില്ലിനെ വ്യസനസമേതം എതിർക്കുന്നു.

മിസ്റ്റർ പറമ്പി ലോനപ്പൻ: സർ, ഈ ബില്ലിനെപ്പറ്റി എനിക്കും രണ്ടുവാക്കു പറയണമെന്നു് അഭ്യർത്ഥമുണ്ടു്. ഞാൻ മന്ത്രിയായിരുന്ന കാലത്തു് മന്ത്രിക്കു് ഡിയർണസ്സു് അലവൻസ്സു് കൊടുക്കണമെന്നു്, അതിനു കടലാസ്സിൽ എഴുതുകയും, പിന്നീടു് അതു് കൗൺസിലിന്റെ ആലോചനയ്ക്കു് വിഷയമായപ്പോൾ, ഇന്നത്തെ മന്ത്രിയായ എന്റെ ബഹുമാന്യസ്നേഹിതൻ ടി. കെ. നായർ അവർകൾ ഡിയർണസ്സു് അലവൻസ്സുകൂടി കൊടുക്കണമെന്നു പറഞ്ഞതിനെ നാമന്നു, നാമന്നുവെന്ന ന്യൂനപ്രാവശ്യം വിളിച്ചുപറഞ്ഞതിന്റെ ശേഷം, അന്നത്തെ എതിർകക്ഷിനേതാവായ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോനും, സോഷ്യലിസ്റ്റ്പാർട്ടിയുടെ നേതാവായിരുന്ന മിസ്റ്റർ അയ്യപ്പനും, ഡിയർണസ്സു് അലവൻസ്സു കൊടുക്കാമെന്നു സമ്മതിച്ചുവെങ്കിലും, പിന്നെയും അതിനെ വലിയ പുച്ഛത്തോടുകൂടി നാമന്നു, നാമന്നുവെന്നു് വിളിച്ചുപറഞ്ഞതായ ടി. കെ. നായർ അവർകൾതന്നെ ഈ ബില്ലു കൊണ്ടുവന്നതിൽ എനിക്കു അതിയായ വ്യസനമുണ്ടു്.

റാവുബഹദൂർ ടി. കെ. നായർ: ഇപ്പോൾ ചെയ്തുവരുന്നതായ ആ നാടകത്തിൽ ഒരാളേയുംകൂടി കൂട്ടിയിരിക്കുകയാണു് എന്നു മാത്രമേയുള്ളൂ. അഭിപ്രായം മാറീട്ടില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: സർ, ഞാൻ ഈയിടെ കോയമ്പത്തൂരിൽനിന്നും മടങ്ങിവരുമ്പോൾ എന്റെ കൂടെ സഞ്ചരിച്ചിരുന്ന ചില മാന്യന്മാർ പറയുകയുണ്ടായി., ഫ്രഞ്ചുകാരുടെ എലക്ഷനുശേഷം ഇപ്പോഴുള്ള അംഗങ്ങളെല്ലാവരുംകൂടി ഗവർമ്മെണ്ടിന്റെ മുതലിനെ പങ്കിട്ടു് എടുക്കുകയാണു എന്നു്! ഇങ്ങനെ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കും അംഗങ്ങൾക്കും മന്ത്രിമാർക്കും, പ്രസിഡണ്ടിനും കൂടി ഗവർമ്മെണ്ടു് വരവു പങ്കിട്ടു് എടുക്കുവാൻ വേണ്ടി സാധുക്കളായ ജനങ്ങളിൽനിന്നും നികുതിയായി വലിയൊരു സംഖ്യ പിരിച്ചെടുക്കുന്നുണ്ടെന്നുള്ള പരാതി ഞാൻ കേട്ടു. ഏകദേശം അതു് വാസ്തവമാണു്. ഫ്രഞ്ചുകാർക്കു് മുമ്പു് നമുക്കാർക്കും ഒരു പൈ അലവൻസ്സുണ്ടായിരുന്നില്ല. അങ്ങിനെ ഇരിക്കുമ്പോഴാണു് മഹാരാജാവു് തിരുമനസ്സിൽനിന്നും ൭ ൫ ക. കൊടുക്കണമെന്നുള്ളതു് പാസ്സായതു്. മന്ത്രിമാർക്കു് ൫ ൦ ൦ ക. രൂപയും ഡിയർണസ്സു് അലവൻസ്സും പാസ്സാക്കിയതു്. അതിനു് മുമ്പിലത്തെ ഗവർമ്മെണ്ടു് അടുക്കുപ്രകാരം ൭ ൫ ക. മാത്രമെ വീട്ടലവൻസ്സുണ്ടായിരുന്നുള്ളൂ. ഇപ്പോൾ എന്താണു് അലവൻസു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ഇല്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോൾ ൧൫൦ ക. യും അതിൽ കൂടുതലും വാടക കൊടുക്കുന്നുണ്ടു്. വെറും ൨ ൫ ക. വാടക വാങ്ങിച്ചിരുന്ന പ്രധാനമന്ത്രിയുടെ വീടിനു് എണ്ണായിരത്തിലധികം ഉറുപ്പിക ചിലവുചെയ്തു കഴിഞ്ഞു. എന്നിട്ടു് പ്രധാനമന്ത്രി പറയുന്നു വീടുവാടക കൊടുക്കുന്നില്ലായെന്നു്! ഇതുവരെ നിശ്ചയിച്ചിട്ടില്ലായെന്നു്!! അധികാരം കയ്യിൽ വെച്ചുകൊണ്ടു് ഇങ്ങിനെയുള്ള ഈ ചെപ്പടിവിദ്യകളൊന്നും വേണ്ട സർ. നിങ്ങൾ ഈ രാജ്യത്തെ പാവങ്ങളുടെ പണം പലവഴികളിൽ തെക്കി പിഴിഞ്ഞെടുത്തു്, അതു് ഉദ്യോഗസ്ഥന്മാർക്കും, നിങ്ങൾക്കുമായിട്ടു് വീതിച്ചെടുക്കുന്നതു് ശരിയല്ലെന്നാണു് ഞാൻ പറയുന്നതു്. പ്രസിഡണ്ടു് അവർകളുടെ സ്ഥിതി വളരെ ഉയർന്നതാണു് എന്നു് ഞാൻ സമ്മതിക്കുന്നുണ്ടു്. പക്ഷെ മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളതു് ഇങ്ങിനെയുള്ള ഉദ്യോഗങ്ങളിൽ പണം വളരെ ചുരുക്കി മിതമായ തോതിൽ വഹിക്കണമെന്നാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: പ്രധാനമന്ത്രിയുടെ കെട്ടിടത്തിനുവേണ്ടി ഗവർമ്മെണ്ടിൽ നിന്നും പണം ചിലവാക്കീട്ടില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവർമ്മെണ്ടിൽ നിന്നും അഡ്വാൻസ്സു് കൊടുത്തിട്ടുണ്ടെന്നാണു് എന്റെ അറിവു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോൻപ്പൻ: അതു് ശരിയല്ലെങ്കിൽ ഞാൻ പറഞ്ഞതു് പിൻവലിച്ചുകൊള്ളുന്നു. പ്രധാനമന്ത്രി താമസിക്കുന്ന വീടിനു് വാടക നിശ്ചയിച്ചിട്ടില്ലെന്നാണു് എന്റെ അറിവു്. കെട്ടിടത്തിനും, പറമ്പിലെ ആദായത്തിനുംകൂടി ഒരു വാടക കൊടുത്തിരുന്ന വീടിനു് അതിന്റെ പലിശയോടുകൂടി ഇതുവരെ ഒന്നും നിശ്ചയിച്ചു കാണാത്തതിന്റെ കാരണം എനിക്കു് മനസ്സിലാകുന്നില്ല. നമ്മുടെ പ്രസിഡണ്ടിനും, മന്ത്രിക്കും, അലവൻസ്സു് കൂട്ടുന്നതിനു് എന്തെല്ലാം കാരണങ്ങളുണ്ടെങ്കിലും, ഇന്നത്തെ നമ്മുടെ കോശസ്ഥിതിയേയും, ജനങ്ങളുടെ കഷ്ടതകളേയും, നോക്കീട്ടുവേണം ശമ്പളവും അലവൻസ്സും കൂട്ടാൻ എന്നാണു് എനിക്കു് പറയുവാനുള്ളതു്. നാലായിരം ഉറുപ്പികയും, അലവൻസ്സും വേണമെന്നുള്ള അപേക്ഷ നിങ്ങൾ കൊണ്ടുവന്നപ്പോൾ അതു് അനുവദിച്ചിട്ടുണ്ടു്. പ്രസിഡണ്ടു് അവർകൾക്കു മറ്റു പ്രവിശ്യകളിലും, നാട്ടുരാജ്യങ്ങളിലെ പ്രവിശ്യകളിലും ഇതുപോലെ കാർ കൊടുക്കുന്നുണ്ടോയെന്നു് ഞാൻ ഇന്നലെ ചോദിച്ചപ്പോൾ മദ്രാസ്സിൽ കൊടുക്കുന്നുണ്ടെന്നാണു് മറുപടി പറഞ്ഞതു്. അതു് എന്തു് അലവൻസ്സാണെന്നു് എനിക്കു നിശ്ചയമില്ല. മദ്രാസ്സിലെ സ്ഥിതിയും നമ്മുടെ സ്ഥിതിയുമായിട്ടു് വളരെ വ്യത്യാസമുണ്ടു്. അവിടത്തെ ഗവൺമെണ്ടു് വളരെ പണമുള്ള ഗവൺമെണ്ടാണു്. കൂടാതെ അവരുടെ അത്യാവശ്യത്തിനു് പണം പോരാതെവന്നാൽ സെൻട്രൽ ഗവൺമെണ്ടു് അവരെ സഹായിക്കും. അവിടത്തെ ജീവിതക്രമത്തിനും വളരെ വ്യത്യാസമുണ്ടു്. നമ്മുടെ ജീവിതക്രമം അവരെ അപേക്ഷിച്ചുനോക്കുമ്പോൾ അതു വലുതല്ല. അതുകൊണ്ടു് കഴിയുന്നിടത്തോളം ഈ വക ശമ്പളവും അലവൻസ്സും കുറക്കുവാൻ നോക്കണം. നിങ്ങളുടെ സംഖ്യാബലംകൊണ്ടു് ഈ രാജ്യത്തിലെ പാവപ്പെട്ട ആളുകളുടെ പണം, മുയിരം ഉറുപ്പികയുള്ള അലവൻസ്സു്, രണ്ടായിരത്തി അഞ്ചുറോ, മൂവ്വായിരമോ വേണമെന്നു പറഞ്ഞു് ഇവിടെ ഒരു ബിൽ കൊണ്ടുവന്നാൽ അതു് പാസ്സാക്കുവാൻ വിരോധമില്ല. പൻപേർ നിങ്ങളുടെ കയ്യിലുണ്ടെന്നു് വിചാരിച്ചു് സാധുക്കളുടെ പണം ഈ വിധത്തിൽ വ്യയം ചെയ്യരുതെന്നു് ഞാൻ പറയുന്നു. പ്രസിഡണ്ടിനോടു് വ്യക്തിപരമായിട്ടു് യാതൊരു വിരോധവും എനിക്കുള്ളതുകൊണ്ടല്ല ഞാൻ ഇതിനെപ്പറ്റി സംസാരിക്കുന്നതു്. അദ്ദേഹത്തിനു് എത്ര പണം വേണമെങ്കിലും കൂട്ടുന്നതിനു് എനിക്കു് വിരോധമില്ല. പക്ഷെ, ഇങ്ങിനെയുള്ള ഒരു ബിൽ കൊണ്ടുവരുമ്പോൾ ഈ നാട്ടിലെ സാധുക്കളേയും കൂടി നോക്കണമെന്നു് ഞാൻ പറയുന്നു. ഇത്രമാത്രമേ ഇതിനെപ്പറ്റി എനിക്കു് പറയുവാനുള്ളു.

മിസ്റ്റർ എ. ഈച്ചരമേനോൻ: സർ, ഇതുപോലെ ശമ്പളവും, അലവൻസ്സും കൊടുക്കുന്ന കാര്യത്തിൽ ഈ കൌൺസിലിൽ ഞാൻ ആദ്യമെതന്നെ എതിർത്തിട്ടുള്ളതാണു്. ഇത്രയൊന്നും ശമ്പളം കൊടുക്കുവാൻ പാടില്ല. നാട്ടിലുള്ള സാധുക്കളുടെ രക്ഷയ്ക്കുവേണ്ടി വന്നിട്ടുള്ളവരാണു് ഇവിടെയിരിക്കുന്നവർ. അവർക്കു് ചിലവിനുള്ള സംഖ്യ മാത്രമേ കൊടുക്കുവാൻ പാടുള്ളു. ദിവസേന കാറു് മാറുവാനും അതുപോലെയുള്ള മറ്റാവശ്യങ്ങൾക്കും പണം ചിലവു് ചെയ്യുകയെന്നുവരുമ്പോൾ അതിനുതന്നെ വലിയ ഒരു സംഖ്യ വേണ്ടിവരും. ഇതു് പാസ്സാക്കിയാലും ഇല്ലെങ്കിലും മൻപ്രാസംഗികന്റെ അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: നിയമസഭയുടെ അദ്ധ്യക്ഷനു് നിശ്ചയിച്ചിരിക്കുന്ന ശമ്പളവും അലവൻസും അദ്ദേഹത്തിന്റെ സ്ഥിതിക്കു് യോജിച്ചതല്ല എന്നുള്ള അഭിപ്രായം ഈ സഭയുടെ നാനാകക്ഷികളിൽനിന്നും ഇവിടെ പല ഉപക്ഷേപങ്ങൾ വഴിയായും പ്രമേയങ്ങൾ വഴിയായും പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇതുവരെ അതു് ഇവിടെ അവതരിപ്പിച്ചു് പാസ്സാക്കാൻ കഴിയാത്തതു് കഷ്ടമായിപ്പോയി എന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. സർ, ഈ സഭയുടെ അദ്ധ്യക്ഷപദം എന്നുവെച്ചാൽ അതു് ഒരു ഉൽകൃഷ്ടപദവിയാണു്. നിഷ്പക്ഷവാദിത്വത്തിനും ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾക്കുമായി നാം നോക്കേണ്ടുന്ന മണ്ഡലവും അതുതന്നെയാണു്. ലോകത്തിൽ എവിടെയുമുള്ള ജനപ്രതിനിധിസഭകളിലും അവരുടെ അദ്ധ്യക്ഷനു് കല്പിച്ചുകൊടുത്തിരിക്കുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും നോക്കുന്നതായാൽ ഈ സഭയെപ്പോലുള്ള ഒരു സഭയിലെ അദ്ധ്യക്ഷനും അതു് അഭിക്കുന്നുണ്ടെന്നു് തെളിയുന്നതാണു്. ആയതുകൊണ്ടു് ഇവിടെ എന്റെ സ്നേഹിതൻ മിസ്റ്റർ എഴത്തശ്ശൻ പ്രസ്താവിച്ചതുപോലെ ഈ രാജ്യത്തെ രണ്ടാംസ്ഥാനം കല്പിച്ചുകൊടുക്കേണ്ടതു് ഈ അദ്ധ്യക്ഷപദത്തിന്നാണു്. എല്ലാ നിലക്കും ഇന്നെങ്കിലും ഗവൺമെണ്ടും ജനകീയ മന്ത്രിമാരും അവരുടെ കക്ഷിയും ആ ബോധത്തോടുകൂടി ഇങ്ങിനെ ഒരു ബിൽ ഇവി

LIBRARY ARCHIVES Kerala Legislative Assembly

ട കൊണ്ടുവന്നതിൽ ഞാൻ ആ കക്ഷിയെ അഭിനന്ദിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചി നിയമസഭയുടെ പ്രസിഡണ്ടിന്നു ഇപ്പോൾ നല്കിവരുന്ന നാലായിരം ഉറുപ്പിക ശമ്പളം എന്നുള്ളതു് മാററി, മന്ത്രിമാരുടെ ശമ്പളത്തോതിനോടു് ഒപ്പമാക്കണമെന്നാണു് ഈ ബില്ലിന്റെ പ്രധാനമായ ഉദ്ദേശം. അതു് പ്രസിഡണ്ടിന്റെ സ്ഥാനമഹിമയെ ആലോചിച്ചും, ഒരു ഉത്തരവാദഭരണവ്യവസ്ഥയിൽ അദ്ദേഹം നിർവ്വഹിക്കേണ്ട ഭാരമേറിയ ചുമതലകളെ ഓർത്തുകൊണ്ടും ചെയ്യുന്നതാണു്. ഈ നിയമസഭയുടെ നാനാഭാഗങ്ങളിൽനിന്നും അങ്ങിനെയുള്ള ആവശ്യം ഗവമ്മെണ്ടിന്റെ അടുത്തു വന്നിട്ടുണ്ടു്. ഈ കാര്യം ഗവമ്മെണ്ടു് അവരുടെ സംഖ്യാബലംകൊണ്ടു് തീരുമാനിച്ചു് ജനങ്ങളെ ബുദ്ധിമുട്ടിക്കാൻ പോകുന്നു എന്നുള്ള ധ്വനി ഇവിടെ കൊണ്ടുവന്നതിൽ എനിക്കു് വാസ്തവത്തിൽ വളരെ സങ്കടമുണ്ടു്. അതു് എന്റെ പരമസുഹൃത്തുക്കളായ രണ്ടു് മുൻമന്ത്രിമാരിൽ നിന്നു് വന്നതിൽ പ്രത്യേകം വിഷാദമുണ്ടു്.

മിസ്റ്റർ ബാലകൃഷ്ണമേനോൻ കൊച്ചിയിൽ തുണിയും, വീടും, കഞ്ഞികുടിക്കാനുള്ള വകയും ഇല്ലാത്ത ദാരിദ്ര്യം തിരെ ഇല്ലാതാകുന്ന കാലത്തോളം ഈ ബില്ലിനെ എതിർക്കുമെന്നു് പറയുകയുണ്ടായി.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: In that way Sir, you have not understood അങ്ങിനെയുള്ള ദരിദ്രർ ഉള്ളിടത്തോളം കാലം ഈ ബില്ലിനെ പിൻതാങ്ങുവാൻ മാത്രം കാണുന്നില്ലെന്നാണു് പറയുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഉള്ളിടത്തോളം, പ്രസിഡണ്ടിനു് ശമ്പളം നിശ്ചയിക്കുന്നതിനെക്കുറിച്ചു് അദ്ദേഹം എതിർക്കുമെന്നു് പറയുകയുണ്ടായി. വസ്തുദൃഷ്ടിക്ഷവും പ്രസിഡണ്ടിന്റെ ശമ്പളവും തമ്മിൽ വലിയ ബന്ധമൊന്നും ഞാൻ കാണുന്നില്ല. എന്നതന്നെയല്ല, ഈ നിയമസഭ ഈ ബില്ലിനെ അനുകൂലിക്കുമ്പോൾ, പ്രസിഡണ്ടിനു നൽകാൻ വിചാരിക്കുന്ന ശമ്പളം വളരെ ഭീമമായ ഒരു ശമ്പളമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇന്ത്യയുടെ ദാരിദ്ര്യസ്ഥിതിയെ പരിഗണിച്ചും, ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയെ പരിഗണിച്ചും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്പോലും നിശ്ചയിച്ചിട്ടുള്ള ഒരു ശമ്പളത്തോതാണു് ൪൦൦ ഉറുപ്പിക എന്നതു്. ഫൻമ ൦-ലെയും, മ ഫ-ലെയും കറാച്ചി കോൺഗ്രസ്സിലെ, 'Fundamental rights Resolution'—ൽ ആണു് ആ തോതു് നിശ്ചയിച്ചതു്. അതിനു് ശേഷമുണ്ടായിട്ടുള്ള പല സംഭവവികാസങ്ങളേയും അടിസ്ഥാനപ്പെടുത്തി അന്നു് നിശ്ചയിച്ച ആ രൂപം ഇന്നു് ഭേദപ്പെടുത്തുകയും, അഞ്ഞൂറുറുപ്പിക ശമ്പളത്തോതു് മന്ത്രിമാക്കും കൌൺസിൽ പ്രസിഡണ്ടിനും മിതമായ തോതല്ല എന്നു് എത്തിച്ചേരുകയും ചെയ്തിട്ടുണ്ടു്. എന്നിരുന്നാലും കൊച്ചിയിലെ സാമ്പത്തിക സ്ഥിതിയെ കണക്കാക്കി ഇനിയും ആ രൂപത്തിനെ മുകളിലേക്കുയർത്തിപ്പിടിക്കണമെന്ന വിചാരത്താലാണു് ഈ ശമ്പളത്തോതു് നിശ്ചയിച്ചതു്. പ്രസിഡണ്ടിന്റെ ശമ്പളം നിശ്ചയിക്കണമെന്ന ഈ ബിൽ കൊണ്ടുവന്ന അവസരത്തിൽ മന്ത്രിമാരുടെ ശമ്പളത്തിന്മേലും, അലവൻസിന്മേലും, പ്രത്യക്ഷമായും പരോക്ഷമായും ഉള്ള ആക്ഷേപങ്ങൾ എന്റെ രണ്ടു സുഹൃത്തുക്കളിൽനിന്നും വന്നതിൽ എനിക്കു് വളരെ വ്യസനമുണ്ടു്. ഇന്നത്തെ കൊച്ചിയിലെ മന്ത്രിമാർക്കു ലഭിക്കുന്ന ശമ്പളം, അവർ ഇന്നു് അനുഭവിക്കുന്ന ആനുകൂല്യങ്ങൾ ഇതെല്ലാം ഈ മന്ത്രിമാർ അധികാരത്തിൽ വരുന്നതിനു് എത്രയോ മുമ്പു്, വസ്തുദൃഷ്ടിക്ഷത്തേയും, ഭക്ഷണക്ഷാമത്തേയും കുറിച്ചു് പ്രതിപാദിച്ച മിസ്റ്റർ ബാലകൃഷ്ണമേനോനും, മിസ്റ്റർ ലോനപ്പനും അധികാരത്തിൽ ഇരുന്ന കാലത്തു് കിട്ടിക്കൊണ്ടിരുന്നതാണു്.

Mr. Parambi Lonappen *(Irinjalakkuda)*: The pay and allowances of the Minister and the Dearness allowance was brought by Sreeman Parambi Lonappen and Sreeman Balakrishna Menon.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഞാൻ പറഞ്ഞതു്, മന്ത്രിമാരുടെ ശമ്പളവും അലവൻസും, അവരുടെ മറ്റു് ആനുകൂല്യങ്ങളും തീരുമാനിക്കപ്പെട്ടതു്, ശ്രീമാൻ ബാലകൃഷ്ണമേനോനും, ശ്രീമാൻ ലോനപ്പനും മന്ത്രിമാരായി അധികാരത്തിൽ ഇരുന്ന അവസരത്തിൽ, അവർ അംഗങ്ങളായിരുന്ന ഗവമ്മെണ്ടു് ഈ നിയമസഭയിൽ കൊണ്ടുവന്നു പാസ്സാക്കിയ ഒരു ബിൽ അനുസരിച്ചാണെന്നാണു്. ഫ ഫ ഫ കർക്കടകമാസത്തെ ബഡ്ഡറ്റ് സമ്മേളനത്തിൽ ഇന്നത്തെ ഈ ബില്ലിനെ എതിർത്തു, വസ്തുദൃഷ്ടിക്ഷവും ഭക്ഷണക്ഷാമ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

വും മുലംഇൗ ബില്ലിനെ എതുത്ത, ശ്രീമാൻ ബാലകൃഷ്ണമേനോനും ശ്രീമാൻ ലോനപ്പനും ഇന്നു് ഞങ്ങളിരിക്കുന്ന ഇൗ ബഞ്ചിൽഇരുന്നിരുന്ന അവസരത്തിൽ, അവരുടെ സെക്രട്ടറി ഇൗ നിയമസഭയിൽ അവതരിപ്പിച്ച ഒരു ബിൽ ഇൗ നിയമസഭ പാസ്സാക്കിയതനുസരിച്ചാണു് മന്ത്രിമാക്ക ശമ്പളവും അലവൻസും തീരുമാനിക്കപ്പെട്ടതു്. ഇവിടെ ശ്രീമാൻ പറമ്പി ലോനപ്പൻ ചെയ്ത പ്രസംഗനിഷ്ക്രമണത്തിനിടയിൽ ഇന്നത്തെ മന്ത്രിമാർ കൂടുതൽ അലവൻസുവാങ്ങുവാൻ ശ്രമിക്കുന്നു എന്നു് പറഞ്ഞതിൽ എനിക്കു് വളരെ വിഷമം തോന്നുന്നുണ്ടു്. ഞാൻ ഇതിൽ പ്രവേശിക്കുകയില്ലായിരുന്നു. കിട്ടുന്ന സന്ദർഭങ്ങളെല്ലാം, സ്ഥാനത്തും അസ്ഥാനത്തും മന്ത്രിമാരെ അധിക്ഷേപിക്കുവാൻ ഉപയോഗപ്പെടുത്തുന്നതു്, ആക്ഷേപിക്കാൻ മാത്രമുള്ള വാസനകൊണ്ടാണെന്നുള്ളതോക്കുമ്പോൾ ഉള്ള വ്യസനംകൊണ്ടു് ഇതും പറയുന്നതാണു്. സർ, മന്ത്രിമാരുടെ ശമ്പളവും അലവൻസും ശ്രീമാൻ ബാലകൃഷ്ണമേനോനും ശ്രീമാൻ ലോനപ്പനും മന്ത്രിമാരായിരുന്നകാലത്തു് അവർ ഉൾക്കൊള്ളുന്ന ഗവമെണ്ടു് ഇൗ നിയമസഭയിൽ അവതരിപ്പിച്ചു. ആ ബില്ലിലെ സെക്ഷൻ പ്രകാരം നിശ്ചയിച്ചതായിരിക്കുമ്പോൾ ഇൗ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുന്നതു് എന്തിനാണു"?!

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഫ ഫ ഫ കക്കടകത്തിലാണെന്നാണൊ പറയുന്നതു്? നിങ്ങളുടെ അവിശ്വാസപ്രമേയം പാസ്സാക്കിയ ശേഷമാണോ ഇതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

Mr. Parambi Lonappen *(Irinjalakkuda)*: Will the Hon'ble Minister be pleased to say whether Mr. Parambi Lonappen drew an anna of Dearness allowance?

Mr. P. Govinda Menon *(Prime Minister)*: "There shall be paid to each Minister a salary of Rs. 500 per mensem and dearness allowance at such rates as Officers of Government drawing a salary of Rs. 500 per mensem shall be entitled to from time to time".

Mr. Parambi Lonappan *(Irinjalakkuda)*: Making provision for you, we were going away.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: All right. ഫ ഫ ഫ കക്കടകമാസത്തെ ബഡ്ജറ്റ് സെഷനിൽ കൊച്ചിഗവമ്മെണ്ടു് അവതരിപ്പിച്ചതാണു്. ഇതു കൊണ്ടുവന്ന അവസരത്തിൽ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ടി. കെ. നായർ മന്ത്രിമാക്ക് Dearness Allowance കൊടുക്കുന്നതു് ശരിയല്ലെന്നു് അദ്ദേഹത്തിന്റെ സഹജമായ ഉൗർജ്ജസ്വലതയോടുകൂടി ഇവിടെ വാദിക്കുകയുണ്ടായതു്. ഇന്നും അദ്ദേഹം ആ അഭിപ്രായത്തെ സ്വന്തനിലയിൽ മുകെ പിടിച്ചുകൊണ്ടിരിക്കുകയാണു്. "I am happy for the noble way in which the Leader of the Prajamandal supported the Bill".

മിസ്റ്റർ പറമ്പി ലോനപ്പൻ: സ്വന്ത നില എന്നു് പറഞ്ഞാലെന്താണെന്നു് പറഞ്ഞു മനസ്സിലാക്കിത്തന്നാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മനസ്സിലാക്കിത്തരാം. കുറച്ചു് താമസമുണ്ടു്. ഇന്നു് ഇൗ ബില്ലിനെ എതുക്കുന്ന ശ്രീമാൻ പറമ്പി ലോനപ്പൻ അന്നു് പ്രസംഗിക്കുകയുണ്ടായി, ആ പ്രമേയത്തെ അനുകൂലിക്കുന്നതു് എന്റെ nobility ആണെന്നു്. അന്നു് പോകാൻപോകുന്ന മന്ത്രിക്കു് Dearness Allowance കൊടുക്കേണ്ട കാര്യത്തിൽ സപ്പോർട്ടു് ചെയ്തതുപം എന്താണെന്നു് ആലോചിച്ചാൽ മതി.

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ Dearness Allowance-ൽ ഒരു പൈപോലും അന്നത്തെ മന്ത്രി വാങ്ങീട്ടില്ലെന്നു് മനസ്സിലായിട്ടുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ Dearness Allowance-ൽ ഒരണപോലും ഇന്നുവരെ പറഞ്ഞിട്ടില്ല എന്നു് പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൗ Dearness Allowance പാസ്സാക്കിയതിൽ ഒരണപോലും കിട്ടാൻ സാധിച്ചിട്ടില്ല എന്നുണ്ടെങ്കിൽ അതിൽ എനിക്കു് ഖേദമുണ്ടു്. (ചിരി) എനിക്ക ചളിതെറിപ്പിക്കണമെന്നാഗ്രഹമില്ല; കീറത്തുണി പുറത്തെടുക്കണമെന്നുദ്ദേശമില്ല. എത്രകാലത്തെ വാദപ്രതിവാദത്തിനും എഴുത്തുകുത്തുകൾക്കും ശേഷമാണു ഇൗ ബിൽ നിയമമായിട്ടുള്ളതു്. അതിലുള്ള ഒരു പ്രൊവിഷനാണിതു്. ഇതിൽ മന്ത്രിമാരുടെ അലവൻസു കൂട്ടുന്ന യാതൊന്നുമില്ല. അങ്ങിനെ ഇരിക്കുമ്പോൾ മന്ത്രിമാരുടെ അലവൻസു കൂട്ടാൻ ശ്രമിക്കുന്നു എന്നു പറഞ്ഞതിൽ എനിക്കു വല്ലാത്ത വ്യസനമുണ്ടു്. ഇൗ ബില്ലിലുള്ള പ്രൊവിഷൻ എന്താണെന്നു ഇന്നലെ വായിച്ചു. Daily അലവൻസു കൂട്ടാനല്ല, കുറയ്ക്കാനാണു് ഇതിൽ ഉദ്ദേശിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

"There shall be paid to each Minister a salary of Rs. 500 per mensem and Dearness Allowance at such rates as Officers of Government drawing a salary of Rs. 500 per mensem may be entitled to from time to time The Government shall provide each Minister throughout his term of office with a furnished residence without payment of rent or hire or other charges and with a car for his use free of all charges except the cost of petrol and lubricating oil. Each Minister shall be paid a fixed allowance of Rs. 100 per mensem to cover the charges for petrol and lubricating oil for the car provided for his use under sub-section 2. Each Minister shall be entitled to Travelling and Daily allowances at such rates as the Diwan may be entitled to from time to time." ഇതിനു മുമ്പിലത്തെ മന്ത്രിമാർ കൊണ്ടുവന്ന നിയമമാണിതു്. അ തിനെയുള്ള നിയമത്തെയാണു ഞങ്ങൾ കൈവരിച്ചിരിക്കുന്നതു്. ഈ സെക്ഷൻ ഇന്ന ത്തെ നിലയിൽ പ്രയോഗക്ഷമമല്ലായെന്നും ദിവാൻപദം അവസാനിച്ചതുകൊണ്ടു ഈ സെക്ഷനിൽ മാറ്റം വരുത്തേണ്ടതുണ്ടു് എന്നും ഞാൻ ഇന്നലെ സഭയെ അറിയിച്ചിട്ടു ണ്ടു്. ഇന്നത്തെ ഭക്ഷണക്ഷാമം കൊണ്ടും വസ്ത്രദുർഭിക്ഷം കൊണ്ടും, ഈ ക്ലോസു ഈ നിലയിൽതന്നെ ഇരിക്കണമെന്നാണു് പറയുന്നതു്. ദിവാൻജി പോകുന്നതുവരെ Daily അലവൻസായി അദ്ദേഹം ഒരു ദിവസം വാങ്ങിയിരുന്നതു് പത്തു രൂപാ പത്തണ എട്ട പൈ ആണു് എന്നു ഇന്നലെ ഈ സഭയെ ഞാൻ ധരിപ്പിച്ചു. ദിവാൻജി ഇല്ലാതായതു കൊണ്ടു് ഈ സംഖ്യ എന്തായിരിക്കണമെന്നു ബില്ലിൽ പ്രത്യേകം കാണിക്കേണ്ട ആവശ്യം നേരിട്ടു. അതുകൊണ്ടു ഫ ഠ രൂപാ ഫ ഠ ണ. യ പൈ ആയിരുന്നതു് പത്തുരൂപയായി തിട്ടപ്പെടുത്തിക്കൊണ്ടുള്ള ബില്ലാണു് നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഇതി നെ വിസ്മരിച്ചുകൊണ്ടു മന്ത്രിമാരുടെ സംഖ്യാബലംകൊണ്ടാണു് അലവൻസു കൂട്ടുവാൻ ശ്രമി ക്കുന്നതു് എന്നു പറയുന്നതു ഭംഗിയാണോ, ന്യായമാണോ, നീതിയാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഇങ്ങിനെ ഏതവസരത്തിലും ആക്ഷേപിക്കുന്നതു് ശരിയാണോ, എന്നു ഞാൻ ചോദിക്കുന്നു. ചൂതലാബോധമില്ലാതെ ലിഡർ ഓഫ് ഓപ്പോസിഷൻ ഇങ്ങിനെ യുള്ള ആരോപണത്തിനു് ഒരുമ്പെടുന്നതു ശരിയാണൊ എന്നു ഞാൻ ചോദിക്കുന്നു. പരിപൂ ർണ്ണമായ ഉത്തരവാദഭരണരീതിയനുസരിച്ചു മന്ത്രിമാർ ഏതൊരു വിധത്തിലുള്ള ചിലവു ചെയ്യുന്നതിനും നിയമസഭയുടെ അനുവാദം വാങ്ങേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള അവ സരത്തിൽ ഇതു ഡലിക്കറ്റ് മാറ്റാറാണെന്നുള്ള ആക്ഷേപശബ്ദം മുഴക്കുന്നതുകൊണ്ടു ഞങ്ങൾ ക്കതിനു സമാധാനം പറയാതെ നിവർത്തിയില്ല. ഇന്നത്തെ രൂപപ്രകാരം ഈ സെക്ഷൻ അനുസരിച്ചു പ്രവർത്തിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടാണു് ഇതിനെ അമൻറ ചെയ്യേ ണ്ടി വന്നിരിക്കുന്നതു്. പ്രസിഡണ്ടിനെ സംബന്ധിച്ചിടത്തോളം ശമ്പളം കൂട്ടാനും മന്ത്രി മാരെ സംബന്ധിച്ചിടത്തോളം വർദ്ധനവില്ലാത്ത പ്രൊവിഷൻ വേണ്ട വിധത്തിൽ മാറ്റ വാനും ഉദ്ദേശിച്ചാണു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ദിവാൻ ഉണ്ടായിരുന്ന അവസര ത്തിൽ ഫ ഠ രൂപാ ഫ ഠ ണ. യ പൈ ഒരു ദിവസം ഡെയിലി അലവൻസു വാങ്ങിക്കാൻ നിശ്ചയിച്ചിരുന്നതു് ഫ ഠ രൂപയാക്കി കുറക്കുന്നതിനാണു ഈ ബിൽ കൊണ്ടുദ്ദേശിച്ചിട്ടു ള്ളതു്.

മറ്റൊരു സംഗതി കൂടി ഈ ബിൽകൊണ്ടു ഉദ്ദേശിക്കുന്നുണ്ടു്. മന്ത്രിമാർ ഗവൺമെ ണ്ടിന്റെ ആവശ്യമായി കൊച്ചിക്കു പുറമെ സഞ്ചരിക്കേണ്ടി വരുകയാണെങ്കിൽ അവർ വാ ങ്ങിക്കേണ്ട ഡെയിലി അലവൻസു ഏതു വിധത്തിലായിരിക്കണമെന്നു ഈ ബില്ലിൽ നിശ്ച യിക്കണമെന്നു ഗവൺമെണ്ടാഗ്രഹിക്കുന്നു. കൊച്ചിയിലെ ഒന്നാംകിട ഉദ്യോഗസ്ഥന്മാർ കൊ ച്ചിക്കുപുറമെയുള്ള സ്ഥലങ്ങളിൽ ടൂവൽ ചെയ്യേണ്ടിവരുന്ന അവസരത്തിൽ വാങ്ങി ക്കേണ്ട, T. A., D. A. മുതലായവ ഏതു വിധത്തിലായിരിക്കണമെന്നു ഒരു എക്സിക്യൂട്ടീവു ഓ ഡർ കൊണ്ടു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടു്. അതു് മന്ത്രിമാരെ സംബന്ധിക്കുകയില്ല. മന്ത്രിമാരെ സംബന്ധിക്കുന്നകാര്യം ഇങ്ങിനെ ഒരു എക്സിക്യൂട്ടീവു ഓർഡർകൊണ്ടു തീരുമാനി ക്കുന്നതു് ഭംഗിയല്ല, ന്യായമല്ല, ശരിയല്ല എന്നുള്ള വിചാരംകൊണ്ടാണു് അതു നിയമസ ഭയുടെ വാദപ്രതിവാദത്തിനു അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബിൽ പാസാകുന്നതുവരെ ഗവൺമെണ്ടാവശ്യമായി മന്ത്രിമാർ കൊച്ചിക്കു പുറമെ സഞ്ചരിക്കുകയാണെങ്കിൽ എന്തു ചി ലവു വരുമോ, ആ സംഖ്യ T. A. ആയും മറ്റും കൊടുക്കുക എന്നുള്ള നിബന്ധനയാണു് ഇവിടെ ഉണ്ടായിരുന്നതു്. ഈ വിധത്തിലുള്ള നിബന്ധന പല പ്രകാരത്തിലും ആശാസ്യ മല്ലെന്നു ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് അതു ഈ സഭ നിർണ്ണയിക്കുന്നതാണു നല്ലതു എന്നു തീരുമാനിച്ചതു്. ഇന്നു് ഡെയിലി അലവൻസു ര ഭ രൂപയായി ചില പ്രദേശങ്ങളിലും ന ഠ രൂപയായി മറ്റു ചില പ്രദേശങ്ങളിലും വാങ്ങിക്കാമെന്നാണു് ബില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

നിശ്ചയിച്ചിട്ടുള്ളതു്. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കുമാരനെഴുത്തശ്ശൻ ഇതു പോരാത്തതാണു്, ഇതു കൂട്ടേണ്ടതാണു് എന്നു പറഞ്ഞു് ഒരു അമെൻഡുമെന്റു കൊണ്ടുവന്നിട്ടുണ്ടു്. ഈ സഭ ഇതിനെപ്പറ്റി ആലോചിക്കുന്നതിനുമുമ്പു അതിനെ എതിർക്കുന്നതു് എന്തുകൊണ്ടു് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടു്. ഡൽഹി മുതലായ പ്രദേശങ്ങളിൽ carriage അലവൻസുംപ്പടെ ഒരു ദിവസം ൪ ൫ രൂപ ഡെയിലി അലവൻസു നിശ്ചയിച്ചിരിക്കുന്നതു് കൂടുതലാണെന്നു ആരും പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വസ്ത്രദുർഭിക്ഷം ധാരാളമുണ്ടു്, ഭക്ഷണദാരിദ്ര്യമുണ്ടു് എന്നുള്ളതുകൊണ്ടു ഒരാൾ ചിലവാക്കുന്ന സംഖ്യ മുഴുവൻ കൊടുക്കണമെന്നല്ല പറയുന്നതു്. എന്നാൽ ൪൫ രൂപ കൂടുതലാണെന്നു ആരും പറയുമെന്നു തോന്നുന്നില്ല. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവെന്റു അസംബ്ലിയിലെ അംഗങ്ങൾക്കു ഒരു ദിവസം നിശ്ചയിച്ചിട്ടുള്ള ഡെയിലി അലവൻസു ൪൫ രൂപയാണു്. അതു ഗവൺമെണ്ടിനു് ഒരു മാനദണ്ഡമായി സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ടു്. കാറിൽ പോകാൻ സൌകര്യമില്ലാത്ത ആളുകൾക്കുകൂടി ഇതു നിശ്ചയിച്ചിട്ടുണ്ടു്. ഇതു പോരാത്ത സംഖ്യയാണെന്നു ആരെങ്കിലും അഭിപ്രായപ്പെട്ടാൽ കൂടി സംഖ്യ കുറച്ചു കൊള്ളിക്കുന്നതിനുവേണ്ടിയാണു ഞങ്ങൾതന്നെ ഇങ്ങിനെ ഒരു നിയമം കൊണ്ടുവന്നതു്. അധികാരത്തിൽ ഇരിക്കുന്ന അവസരത്തിൽ അധികം സംഖ്യ വാങ്ങാനുള്ള സൌകര്യം ചെയ്യുവെന്നു് ആരും ആക്ഷേപിക്കാൻ സന്ദർഭം ഉണ്ടാകരുതു എന്നുള്ള വിചാരം കൊണ്ടാണു് ഇങ്ങിനെ ചെയ്തതു്. എന്നാൽ അതുകൊണ്ടു ഫലമില്ലെന്നു ബോദ്ധ്യമായി. ൪൫ രൂപയെന്നുള്ളതു് അഞ്ചുരൂപയെന്നാക്കി മാറ്റിയാലും ആക്ഷേപം കൊണ്ടുവന്നേക്കുമെന്നു തോന്നുന്നതുകൊണ്ടു ഇതിൽ ഭേദഗതിക്കുവേണ്ടിയുള്ള ആക്ഷേപമാണു് ഇവിടെ ഉണ്ടായതു്. ഇതു ഗവൺമെണ്ടു കാര്യങ്ങളെക്കുറിച്ചു വേണ്ടിടത്തോളം പരിചയമില്ലാത്ത ആരെങ്കിലും പറയുകയാണെന്നുണ്ടെങ്കിൽ, ഇതിൽ ഭേദഗതിക്കാകാത്ത മറ്റു് ആരെങ്കിലും പറയുകയാണെന്നുണ്ടെങ്കിൽ എനിക്കതിൽ വിഷാദമുണ്ടാകുമായിരുന്നില്ല. എന്റെ മാന്യസ്നേഹിതനും മുൻഗാമികളുമായ മന്ത്രിമാർ എതിർത്തിട്ടുള്ള രീതി നോക്കുമ്പോൾ ഈ എതിർപ്പിന്റെ തോതു് എത്രയോ അധഃപതിച്ചിരിക്കുന്നു എന്നു പറയേണ്ടിവന്നതിൽ എനിക്കു വിഷാദമുണ്ടു്. ഈ വിധത്തിലുള്ള എതിർപ്പു് ഇനിയെങ്കിലും ഉണ്ടാകരുതു്. വസ്ത്രക്ഷാമത്തിന്റേയും ഭക്ഷണക്ഷാമത്തിന്റേയും നാമധേയത്തിൽ ഇത്ര അത്യാവശ്യമായ ഈ കാര്യത്തെ എതിർക്കരുതു് എന്നു സഹൃദയ സഹജമായ സ്നേഹത്തോടുകൂടി ഉൽബോധിപ്പിച്ചുകൊണ്ടു് ഈ ബിൽ പാസാക്കിത്തരുവാൻ ഞാൻ അപേക്ഷിക്കുന്നു.

Mr. K. Balakrishna Menon *(Cheruthuruthi)*: On a point of personal explanation, Sir will you be pleased to give me a chance?

Mr. President: Yes. The Hon'ble Member will make a personal explanation of it.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ ബില്ലിനെക്കുറിച്ചു എന്റെ അകപ്പാടെയുള്ള എതിർപ്പു് ചിലവു വർദ്ധിപ്പിക്കാൻ പാടില്ലായെന്നുള്ളതാണു്. ഇന്നു് നാട്ടിൽ പല ഗൌരവമേറിയ പ്രശ്നങ്ങളേയും നേരിടാൻ പണമില്ലായെന്നു പറഞ്ഞു വരുന്ന അവസരത്തിൽ ചിലവു കൂട്ടാൻ പാടില്ലായെന്നുള്ള ഒരൊറ്റ തത്വത്തെ മുൻനിർത്തിമാത്രമാണു് ഞാൻ ഇതിനെ എതിർത്തിട്ടുള്ളതു്. ൧൯൪൬ കർക്കടകത്തിൽ ഞങ്ങളല്ല ഈ ബിൽ കൊണ്ടുവന്നതു്. ഇതുമൂലം ഞങ്ങൾക്കു എന്തെങ്കിലും ഗുണമുണ്ടാകുമെന്നുള്ള വിശ്വാസവുമുണ്ടായിരുന്നില്ല. ൧൯൪൬ കർക്കടകം ൧൪-ാംനു ഞങ്ങളുടെ പേരിൽ അവിശ്വാസപ്രമേയം പാസാക്കിയതോടുകൂടി ഞങ്ങൾ മന്ത്രിപദമൊഴിഞ്ഞു. ൧൯൪൬ ഇടവം ൧-ാംതിയ്യതി ഞാൻ മന്ത്രിപദത്തിൽ പ്രവേശിക്കാൻ വീട്ടിൽനിന്നു പോരുമ്പോൾ കർക്കടകമാസത്തിലെ ബഡ്ഡറ്റു സ്പീക്കനോടുകൂടി മടങ്ങിപോകാൻ സാധിക്കുമെന്നുള്ള ഉറപ്പോടുകൂടിയാണു് അവിടെനിന്നു പോന്നതു്. ൫൦൦ രൂപാ ശമ്പളം കിട്ടും എന്നുള്ള വിചാരത്തോടുകൂടിയല്ല അന്നു മന്ത്രിപദമേറ്റെടുത്തതു്. എന്റെ മാന്യസ്നേഹിതൻ ഈ എതിർപ്പിന്റെ കാര്യത്തിൽ ഇത്ര ഗംഭീരമായ സ്വരത്തിൽ....

Mr. President: Order, under S.O. 23 (2) it is said that "except in the exercise of a right of reply or as otherwise provided by the rules or Standing Orders no member shall speak more than once to any motion unless it be with the permission of the President for the purpose of making a personal explanation".

Mr. K. Balakrishna Menon *(Cheruthuruthi)*: I am doing it, Sir.

Mr. President: In that case no debatable matter can be brought forward.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon *(Cheruthuruthi)*: I am giving a personal explanation. I have absolutely no motive to a debate or any sort of thing whatsoever in the Bill which was brought in by Government.സക്കാർ ഭാഗത്തുനിന്ന മിനിസ്റ്റർക്ക ൪ ൦ ൦ രൂപായിൽ കൂടുതൽ ശമ്പളമാക്കണമെന്ന ബിൽ കൊണ്ടുവന്നപ്പോൾ നാഷനലിസ്റ്റ് പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർ എന്ന നിലയിൽ ഞാൻ എഴുന്നേറ്റുനിന്ന പറഞ്ഞതു് മിനിസ്റ്റരുടെ ശമ്പളത്തിൽ ഒരൊറ്റപൈപോലും കൂട്ടാൻ പാടില്ലായെന്നാണു്. ഞങ്ങളുടെ കാഴ്ച്ചയിൽ ഒരു തീരുമാനമെടുക്കുന്നതിനുള്ള അധികാരം പ്രജാമണ്ഡലം നേതാക്കൾക്കും, എന്റെ മാന്യസ്നേഹിതൻ ടി. കെ. നായർ അടങ്ങിയ എതിർകക്ഷിക്കും ഞങ്ങൾ വിട്ടുകൊടുത്തു.

Mr. President: Is that a matter of personal explanation?

Mr. K. Balakrishna Menon *(Cheruthuruthi)*: I think I must better reserve my opportunity. I thank the Chair for giving me an opportunity. I will make use of it later.

Mr. President: The question is that the Cochin Payment of Salaries and Allowances Ac (Amendment) Bill be read in Council.

Motion put and carried

Legislative Council Secretary: The title of the Bill is the Cochin Payment of Salaries and Allowances Act (Amendment) Bill.

Mr. P. Govinda Menon *(Prime Minister)*: I move that S. O. 32 may be suspended and the Bill may be taken into consideration

S. O. 32 is suspended

Mr. M. Sivarama Menon *(Constitutional Adviser)*: I second the motion for the Bill being taken up.

Mr. President: There are 4 amendments sent in by Mr. P. Kumaran Ezhuthassan. Out of these the first three are in order. No. 4 is out of order and I have disallowed it.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is it so patent that the unfortunate member who had been foolish enough to table the amendment need not be heard?

Mr. President: I found it to be out of order and therefore I disallowed it. If the Hon'ble Member wants an explanation I am ready to give.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: If I may be heard, that is again left to you.

Mr. President: The matter is so patent as I explained yesterday. If I have any doubt, conscientious doubt about it the House may rest assured that I would have told the Member so before passing the order.

Amendment (i)

*മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ: സർ, ഇവിടെ കൊണ്ടുവന്ന ഭേദഗതികളിൽ പ്രസിഡണ്ടിന്റെ അനുമതി കിട്ടുവാൻ ഭാഗ്യമുണ്ടായ ഒന്ന്യത്തെ ഭേദഗതി ഇതാണു്.

"Delete all words beginning with "and Dearness Allowance"
in section 2b(1), in clause 3 of the Bill, putting semi-colon after the word "mensem" in the first line in 2b(1).

The President of the Legislative Council shall be provided by Government, with a car for his use and shall be paid,

(1) a salary of Rs. 500 per mensem and Dearness allowance at such rates as Officers of Government drawing a salary of Rs. 500 per mensem may be entitled to from time to time.

It is those stinking words "and Dearness allowance" at the rate of such that I want to get deleted by this amendment which has been allowed.

Now, Sir, the proposal, the wise proposal as I observed earlier here, is to equate the Hon'ble President with our Ministers. I then said that the Hon'ble President's position is not one which warrants the occupant of that august chair to be equated with the Ministers who are our men, who should not take any pie more than what is absolutely necessary for keeping up their position, something about eking out their livelihood. Just enough, nothing more, nothing less. Not lavished quarters and all that. But though the occupant of this second Chair in the realm is

*The speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

also one individual living in the same place in the environments in which the Ministers are living it is not for his livelihood that I submitted, Sir, that he really ought to be placed above them in the matter of emoluments. But it is because of that sort of dignity, it is a dignity which cannot be described. You must go through to answer—from the earliest days down to the present day and you will see what is the weight, what is the height and what is the glamour that attaches itself to the occupant of the Chair of a Legislature. It is with that alone and nothing other than that that you should look at the office, the venerable office; the occupant of which, if he gets up to make some observations we have to listen to it in silence. That is the rule. That position cannotes something; the greatness, the gravity, the glory and the glamour of that place. You have been wise enough, Sir, belated though it be, to put him at least on a par with 5'00 rupees as far as his monthly emoluments, monthly salary, I should say, are concerned.

But probably the idea will be lingering in the minds of some of the members on the other side that it is not your own argument of equation of the President with the Ministers. Take the plain bottom out of your argument that Dearness allowance shall be denied to him. Well, Sir, the equation with the Ministers must be in fields where the equation does not work out an insult, will not, does not create an atmosphere of inferiority which is attached, an atmosphere not only of inferiority but of helplessness because that—this is the significance of an officer whether paid Rs. 10—a big amount of Rs. 10 as you are paying or an unduly large sum of Rs. 1,200 oh no, there is Dearness allowance, 1,000 rupees the former pay of the Head of the Department holding the scale even. Whoever it is, the low paid, or the unnecessarily unduly highly paid, highest paid officer of the State, whoever it be, the idea attached to the drawing of Dearness allowance normally, Sir, is that his pay, whether Rs 10 or Rs. 1,000 is not sufficient because of the circumstances of the day when articles of food, when the rationed cloth—oh, the rationed cloth does not affect them—they get it in bales—At any rate, even with the rationed cloth, the price is very much higher. I was saying, Sir, that the idea attached to Dearness allowance is one of not being able to live without that. If this is not the idea attached to the Dearness allowance, especially in the higher cadres, it is a sort of greediness to take the hard-earned money paid by the emaciated agriculturists of the State into your coffers to grab at it what for, not to meet your expenses, but to increase your bank balances. To foolishly decorate your wives, even in these days of high price of sovereigns, decorate in such a way that she no more looks the woman, the useful woman, God's beauty woman.

The connotation attached to the drawing of the Dearness allowance is helplessness to carry on as far as officers drawing an amount of salary up to a certain stage and covetousness greediness, the idea of grab or anything more sinister than that if there is one, the idea can be either the one or the other. The helplessness to carry on as far as the low paid man is concerned, the poor paid teacher only knows the difficulty. I will take him as was the subject matter of some motion made in the early days for the cry of Dearness Allowance, that Dearness Allowance should be given to Officers who draw a salary of Rs. 300. Because of his environment he is placed in such a position that he should be given dearness allowance to educate his children and such other things. I had therefore two years ago tabled a cut that Dearness Allowance must be stopped for officers who draw a salary over Rs. 300, but Sir in a method in a way which normally could not be discussed here could be discussed but normally is not attempted. In such a fashion on such an august occasion on such an auspicious occasion during the reign of one of our departed Maharajas something like a birthday boon came that Dearness Allowance going up to persons drawing Rs. 1,000. I wrote a cut motion Sir, but my feelings of reverence to the fountain of authority and justice in the State held my hand back, not that my feelings allowed me to do it but other feelings forced me to do it. I even now, Sir, am of opinion that payment of Dearness Allowance to persons drawing anything more than Rs. 300 per mensem is an attempt of spending money not for the good ofthe citizens of the State. Not only that it is spent for the good of the citizens of the State, but taking the poor man's money it is paid for increasing the bank balance of the officers. Normally a Government Officer has got a certain status. Now, the comparison is that the President will get an equal amount of D. A. and T. A. which an officer of Government drawing 500 rupees will get. That is where our President, the occupant of the second chair in the realm stands. To bracket that august personage occupying that most august seat! You bracket him with a Rs. 500 man. You bracket him with the unnecessarily created Executive Engineers' legion. You bracket our President with the K. B. Menon, or the others, Bruford or somebody in the Hydro-electric production, not attempted production.

Mr. President: Does the Hon'ble Member intend to finish the speech before lunch?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: No Sir, I want to speak a little more. I want to expose the ugliness.

The House rose for lunch at 1-30 p.m. and re-assembled at 2-30 p.m. with the Hon'ble President M. R. Ry. L. M. Pylee Avl. M.A., & B.L. in the Chair.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Mr. President, To continue from where I left when the House rose for lunch, I submit, Sir, that the idea of dearness allowance whose connotation is, what I said then, along with the salary of our President, is something which is stinking. His name, Sir, should not be sullied and slurred by being forced to draw what is called dearness allowance with all that attaches itself to such things. As I have already described that the history of dearness allowance when connected with the Minister when it was first attempted was very succinctly touched by the Hon'ble the Mover of this Bill, the Premier, by referring to the observations made by his colleague sitting on his right and he says that he still sticks to that position, that is Mr. Nayar, the Hon'ble Mr. Nayar. He still sticks to the position that he took up when the idea of granting dearness allowance to the Ministers was first before this House. Since I am not able to put it in such brisk forcible language as the language used by my esteemed friend on that occasion, I submit, Sir, that I may just be allowed to read one or two sentences from what Mr. Nayar at that time observed.

"ഇതു വേണമെന്നു തീർച്ചയാക്കാനുള്ള അധികാരം നിങ്ങൾക്കുള്ളതല്ലേ? നിങ്ങൾക്ക് സ്വബോധമുണ്ടാകാൻവേണ്ടി പറയുകയാണു". @ o o ശ്രീ പാ. ശണ്മുഖം മേടിക്കുന്ന മിനിസ്റ്റുക്കു ഡെയിലി അലവൻസു വാങ്ങിക്കുവാൻ ഒരു ബിൽ കൊണ്ടുവരുന്നു."

